## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 252 18.03.2013-ൽ മറുപടിയ്ക്ക്.

## യുവതിയെ പൂവാലന്മാർ ശല്യം ചെയ്ത സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ബേക്കറിജംഗ്ഷനിലെ തട്ടുകടയിൽ രാത്രി സമയം കുടുംബസമേതം ഭക്ഷണം കഴിക്കുകയായിരുന്ന യുവതിയെ സർക്കാർ വാഹനത്തിലെത്തിയ പൂവാലന്മാർ ശല്യം ചെയ്തത് സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) ഉണ്ട്. ഇതു സംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നം 216/2013 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. |
| (ബി) പ്രസ്തുത വാഹനം സർക്കാരിന്റെ ഏത് ഉദ്യോസ്ഥൻ ഉപയോഗിച്ചു വരുന്നതാണ്; രാത്രി സമയം അദ്ദേഹത്തിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം എന്തായിരുന്നു;<br>(സി) സർക്കാർ വാഹനത്തിന്റെ നമ്പർ, ഓടിച്ച ഡ്രൈവറുടെ പേര്, ഔദ്യോഗിക ആവശ്യം എന്നിവ വിശദമാക്കാമോ; കാറിൽ ഉദ്യോഗസ്ഥനല്ലാതെ മറ്റാരെല്ലാം ഉണ്ടായിരുന്നു; വ്യക്തമാക്കാമോ; | (ബി) & (സി) പ്രസ്തുത വാഹനം ഐ.റ്റി.അറ്റ് സ്കൂൾ, സ്റ്റേറ്റ് പ്രോജക്ട് ഓഫീസ് ഡയറക്ടറുടേതാണ്. വാഹനത്തിന്റെ നമ്പർ KL 01 AW 8650 . ഡ്രൈവർ അനൂപ് എന്നയാളും ടി സ്ഥാപനത്തിലെ കോൺട്രാക്ട് വാഹനത്തിന്റെ ഡ്രൈവർ മനോജ് ലാൽ എന്നയാളുമാണ് വാഹനത്തിൽ ഉണ്ടായിരുന്നത്. ടി സ്ഥാപനത്തിലെ മേലുദ്യോഗസ്ഥനെ വിളിക്കുവാനായിട്ടാണ് ഇവർ വന്നത്. |
| (ഡി) ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് പോലീസ് കേസെടുത്തിരിക്കുന്നത്; വിശദമാക്കുമോ? | (ഡി) മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നം 216/2013 u/s 294 (b) and 34 IPC and Section 119 (A) of KP Act പ്രകാരമാണ് കേസെടുത്തിരിക്കുന്നത്. |

17/3/13

സെക്ഷൻ ഓഫീസർ